പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1467 16-10-2026-ൽ മറുപടിയ്ക്ക്

ഫുഡ് പാർക്കുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. എൻ. കെ. അക്ബർ	ശ്രീ. ടി. സിദ്ദീഖ് (കൃഷി വകുപ്പ് മന്ത്രി)

(എ) കാർഷികോൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണം, വിപണനം എന്നിവയ്ക്കായി കൃഷിവകുപ്പിന് കീഴിൽ നിലവിൽ എത്ര ഫുഡ് പാർക്കുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

മറുപടി:

കൃഷി വകുപ്പിൻറെ കീഴിൽ ഫുഡ് പാർക്കുകൾ ഒന്നും തന്നെ പ്രവർത്തിച്ചു വരുന്നില്ല.

എന്നാൽ കാർഷിക ഉൽപന്നങ്ങളുടെ സംസ്കരണം, സംഭരണം, മൂല്യവർദ്ധനവ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പിന് കീഴിൽ 5 അഗ്രോ പാർക്കുകൾ കിഫ്ബി ധനസഹായത്തോടെ സ്ഥാപിക്കുന്നതിന് 01.01.2018 തീയതിയിലെ സ. ഉ. (കൈ)നം.1/2018/കൃഷി ഉത്തരവ് പ്രകാരം 100.13 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അഗ്രോപാർക്കുകളുടെ നിർമ്മാണത്തിനുള്ള ധനസഹായത്തിനായി പ്രോജക്ട് റിപ്പോർട്ടുകൾ കിഫ്ബിയ്ക്ക് സമർപ്പിച്ചുവെങ്കിലും തൃശ്ശൂർ ജില്ലയിലെ ബനാന & ഹണി പാർക്കിന് മാത്രമാണ് കിഫ്ബി അംഗീകാരം നൽകുകയും തുക അനുവദിക്കുകയും ചെയ്തിട്ടുള്ളത്. ഇതിൽ കിഫ്ബിയിൽ നിന്നും ധനസഹായം ലഭ്യമായ ഹണി പാർക്കിൻറെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. പാർക്ക് പ്രവർത്തന സജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത ഫുഡ് പാർക്കുകൾ എവിടെയാണ് സ്ഥിതി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി:

കൃഷി വകുപ്പിൻറെ കീഴിൽ ഫുഡ് പാർക്കുകൾ ഒന്നും തന്നെ പ്രവർത്തിച്ചു വരുന്നില്ല.

എന്നാൽ കാർഷിക ഉൽപന്നങ്ങളുടെ സംസ്കരണം, സംഭരണം, മൂല്യവർദ്ധനവ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പിന് കീഴിൽ 5 അഗ്രോ പാർക്കുകൾ കിഫ്ബി ധനസഹായത്തോടെ സ്ഥാപിക്കുന്നതിന് 01.01.2018 തീയതിയിലെ സ. ഉ.

(കൈ)നം.1/2018/കൃഷി ഉത്തരവ് പ്രകാരം 100.13 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അഗ്രോപാർക്കുകളുടെ നിർമ്മാണത്തിനുള്ള ധനസഹായത്തിനായി പ്രോജക്ട് റിപ്പോർട്ടുകൾ കിഫ്ബിയ്ക്ക് സമർപ്പിച്ചുവെങ്കിലും തൃശ്ശൂർ ജില്ലയിലെ ബനാന & ഹണി പാർക്കിന് മാത്രമാണ് കിഫ്ബി അംഗീകാരം നൽകുകയും തുക അനുവദിക്കുകയും ചെയ്തിട്ടുള്ളത്. ഇതിൽ കിഫ്ബിയിൽ നിന്നും ധനസഹായം ലഭ്യമായ ഹണി പാർക്കിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. പാർക്ക് പ്രവർത്തന സജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സംസ്ഥാനത്ത് പുതിയ ഫുഡ് പാർക്കുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ തൃശ്ശൂർ ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി:

ഉണ്ട്.

ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന Kerala Climate Resilient Agri Value Chain Modernisation (KERA) പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് പുതിയ അഗ്രി-ഫുഡ് പാർക്കുൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി വിവിധ സ്ഥലങ്ങളിൽ പ്രാഥമിക സാധ്യതാ പഠനങ്ങൾ (pre-feasibility Studies) നടത്തി വരുന്നു.

തൃശ്ശൂർ ജില്ലയിലെ വെള്ളാനിക്കരയിലുള്ള കേരള കാർഷിക സർവകലാശാലയുടെ (KAU) കീഴിലുള്ള കൃഷി വിജ്ഞാൻ കേന്ദ്രത്തിന്റെ കോമ്പൗണ്ടിനുള്ളിൽ ഒരു അഗ്രി-ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി പ്രാഥമിക സാധ്യതാ പഠനം നടത്തിയിരുന്നു. എന്നാൽ, ജല ലഭ്യതയുമായി ബന്ധപ്പെട്ട പരിമിതികൾ കാരണം പ്രസ്തുത സ്ഥലം അനുയോജ്യമല്ലെന്ന് പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ